**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5496** **03-11-2021 - ൽ മറുപടിയ്ക്ക്**

**സൗജന്യമരുന്ന് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സൗജന്യമരുന്ന് വിതരണത്തിൽ വന്നുചേർന്നിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ; | (എ) | 2021-22 സാമ്പത്തിക വർഷം സർക്കാർ ആശുപത്രികളിലൂടെയുള്ള സൗജന്യ മരുന്ന് വിതരണത്തിനായി ദർഘാസ് ക്ഷണിച്ച 742 ഇനങ്ങളിൽ വിതരണക്കാരെ ലഭ്യമായ 538 ഇനങ്ങളും വാർഷിക ഇൻഡന്റിനു ആനുപാതികമായി ബന്ധപ്പെട്ട ആശുപത്രികൾക്ക് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ദർഘാസിലും പുനഃദർഘാസിലും വിതരണക്കാരെ ലഭ്യമാകാത്ത ഇനങ്ങളിൽ ചികിത്സയ്ക്ക് വളരെ അത്യാവശ്യമായിട്ടുള്ള 51 ഇനങ്ങൾ കോർപ്പറേഷന്റെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേന സംഭരിച്ച വിതരണം ചെയ്തിട്ടുണ്ട്. അവശ്യ മരുന്നുകളുടെ ആവശ്യകത റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ അവ മറ്റു വിതരണക്കാരിൽ നിന്നോ കോർപ്പറേഷന്റെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേനയോ സംഭരിച്ച് വിതരണം നടത്തുന്നതിനുള്ള അടിയന്തര നടപടികൾ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ സ്വീകരിക്കുന്നുണ്ട്. നിലവിൽ സർക്കാർ ആശുപത്രികളിൽ മരുന്നു വിതരണം കാര്യക്ഷമമായി നടന്നു വരുന്നുണ്ട്. |
| (ബി) | സർക്കാർ ആശുപത്രികളിൽ വിതരണത്തിനാവശ്യമായ അളവിലുള്ള മരുന്നുകൾ യഥാസമയം ലഭ്യമാകുന്നില്ല എന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | 2021-22 സാമ്പത്തിക വർഷം സർക്കാർ ആശുപത്രികളിലൂടെയുള്ള സൗജന്യ മരുന്ന് വിതരണത്തിനായി ദർഘാസ് ക്ഷണിച്ച 742 ഇനങ്ങളിൽ വിതരണക്കാരെ ലഭ്യമായ 538 ഇനങ്ങളും വാർഷിക ഇൻഡന്റിനു ആനുപാതികമായി ബന്ധപ്പെട്ട ആശുപത്രികൾക്ക് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ദർഘാസിലും പുനഃദർഘാസിലും വിതരണക്കാരെ ലഭ്യമാകാത്ത ഇനങ്ങളിൽ ചികിത്സയ്ക്ക് വളരെ അത്യാവശ്യമായിട്ടുള്ള 51 ഇനങ്ങൾ |

| | | | |
|---|---|---|---|
| | | | കോർപ്പറേഷന്റെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേന സംഭരിച്ച വിതരണം ചെയ്തിട്ടുണ്ട്. അവശ്യ മരുന്നുകളുടെ ആവശ്യകത റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ അവ മറ്റ വിതരണക്കാരിൽ നിന്നോ കോർപ്പറേഷന്റെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേനയോ സംഭരിച്ച് വിതരണം നടത്തുന്നതിനുള്ള അടിയന്തര നടപടികൾ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ സ്വീകരിക്കുന്നുണ്ട്. നിലവിൽ സർക്കാർ ആശുപത്രികളിൽ മരുന്നു വിതരണം കാര്യക്ഷമമായി നടന്നു വരുന്നുണ്ട്. |
| (സി) | 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള മരുന്നിനുള്ള ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | 2022-23 സാമ്പത്തിക വർഷത്തിലെ സർക്കാർ ആശുപത്രികളിലെ മരുന്നു വിതരണത്തിനായി 741 ഇനങ്ങൾക്കുള്ള ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ആരംഭിച്ചിട്ടുണ്ട്. 2021 നവംബർ മാസം ദർഘാസ് ക്ഷണിച്ച് നടപടികൾ പൂർത്തിയാക്കി 2022 ഫെബ്രുവരി മാസം ആദ്യഘട്ട വിതരണ ഉത്തരവ് നൽകാനാണ് ഉദ്ദേശിക്കുന്നത്. 3 ഘട്ടങ്ങളിലായി വിതരണ ഉത്തരവ് നൽകി ലഭ്യതക്കുറവ് ഉണ്ടാകാതെ മരുന്നു വിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ഗുണനിലവാരമുള്ള മരുന്നുകൾ യഥാസമയം സൗജന്യമായി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;വ്യക്തമാക്കാമോ? | (ഡി) | ഗുണനിലവാരമുള്ള മരുന്നുകൾ യഥാസമയം സൗജന്യമായി നൽകുന്നതിന് ദർഘാസിൽ താഴെപ്പറയുന്ന നിബന്ധനകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 1. ദർഘാസിൽ പങ്കെടുക്കുന്ന കമ്പനികളിൽ മാനുഫാക്ചർ/ലോൺ ലൈസൻസി ആയിട്ടുള്ള കമ്പനികൾ, അവർ ദർഘാസ് സമർപ്പിച്ചിരിക്കുന്ന ഇനങ്ങളുടെ മാനുഫാക്ചറിങ് & മാർക്കറ്റിംഗ് ലൈസൻസ്, WHO-GMP സർട്ടിഫിക്കറ്റ് തുടങ്ങിയവ നിർബന്ധമായി സമർപ്പിച്ചിരിക്കേണ്ടതാണ്. ഇറക്കുമതിക്ക് അനുമതിയുള്ള കമ്പനികൾക്ക് ദർഘാസിൽ പങ്കെടുക്കുന്നതിന് സാധുവായിട്ടുള്ള ഇറക്കുമതി ലൈസൻസ്/സെയിൽ ലൈസൻസ് ഉണ്ടായിരിക്കേണ്ടതാണ്. 2. നിയുക്ത ദർഘാസിനെക്കുറിച്ച് കമ്പനികൾക്ക് ഉള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനായി പ്രീ ടെണ്ടർ മീറ്റിംഗ് നടത്തുന്നു. 3. വിതരണം ചെയ്യുന്ന മരുന്നുകളുടെ എല്ലാ ബാച്ചുകളുടെയും, സ്വതന്ത്ര എൻ.എ.ബി.എൽ അംഗീകൃത ടെസ്റ്റിംഗ് ലാബുകളുടെയോ/സെൻട്രൽ ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറിയുടെയോ അനാലിസിസ് സർട്ടിഫിക്കറ്റ് |

| | | | |
|---|---|---|---|
| | | | മരുന്നു വിതരണത്തിനൊപ്പം കമ്പനികൾ ഹാജരാക്കേണ്ടതാണ്. 4. മേൽ സർട്ടിഫിക്കറ്റിനൊപ്പം ഇൻഹൗസ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ അനാലിസിസ് സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്. 5. കൂടാതെ വിതരണക്കാർ ജില്ലാ മരുന്നു സംഭരണശാലകളിൽ വിതരണം ചെയ്യുന്ന മരുന്നുകളിൽ നിന്നും മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ ഗുണനിലവാര പരിശോധനാ വിഭാഗം Random ആയി സാംപിൾ എടുത്ത് കോർപ്പറേഷൻ എംപാനൽ ചെയ്തിരിക്കുന്ന NABL Accredited (National Accreditation Board for Testing and Calibration Laboratories) ലാബിൽ പരിശോധനക്കയച്ച് ഗുണനിലവാരം ഉറപ്പാക്കുന്നുണ്ട്. 6. ഇതിനു പുറമേ പ്രമാണ പരിശോധനയിൽ യോഗ്യത നേടിയ കമ്പനികളുടെ ഉത്പാദന യൂണിറ്റുകൾ സംസ്ഥാന ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റിലെ ഇൻസ്പെക്ടർമാരും സർക്കാർ ഫാർമസി കോളേജുകളിലെ അദ്ധ്യാപകരും അടങ്ങുന്ന സാങ്കേതിക വിദഗ്ധരുടെ പാനൽ, കമ്പനികളുടെ ഫാക്ടറി നേരിട്ട് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനനുസരിച്ച് കമ്പനികളെ യോഗ്യത പട്ടികയിൽ ഉൾപ്പെടുത്തുന്നു. വിതരണ ശേഷം ഏതെങ്കിലും കമ്പനിയെയോ അവരുടെ മരുന്നുകളോ മറ്റു സംസ്ഥാനങ്ങളിലെ മെഡിക്കൽ സർവീസസ് കോർപ്പറേഷനുകൾ കരിമ്പട്ടികയിൽ പെടുത്തിയിട്ടുണ്ടെങ്കിൽ ഇക്കാര്യം താഴെത്തട്ടിലുള്ള ആശുപത്രികളിൽ വരെ അറിയിച്ച്ടി മരുന്നുകളുടെ വിതരണം തടയുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ